**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5709** **24-03-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് പീപ്പിൾസ് റോഡ് വീതി കൂട്ടുന്ന പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ പീപ്പിൾസ് റോഡ് വീതി കൂട്ടുന്ന പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പിന് ബജറ്റിൽ നീക്കിവച്ച തുക വിനിയോഗിച്ച് നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ പീപ്പിൾസ് റോഡ് വീതികൂട്ടുന്നതുമായി ബന്ധപ്പെട്ട് 29-02-2024 തീയതിയിൽ ചേർന്ന കോഴിക്കോട് മുനിസിപ്പൽ കോർപറേഷൻ കൗൺസിൽ അക്വിസിഷൻ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചതിന്റെ ഭാഗമായി ജില്ലാ കലക്ടർ മുമ്പാകെ ഫോറം 2 ൽ സമർപ്പിക്കുകയും, പെഗ് മാർക്ക് ചെയ്ത അലൈൻമെന്റ് സ്കെച്ച്, അടങ്കൽ സ്കെച്ച്, എന്നിവ ഹാജരാക്കുന്നതിന് ജില്ലാ കളക്ടർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ടൗൺ സർവയറോട് ആവശ്യപ്പെടുകയും ചെയ്തു. ടൗൺ സർവയർ നിർദ്ദേശിച്ച പ്രകാരം ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയും, കൂടുതൽ റവന്യൂ രേഖകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br><br>സർവ്വേ ഓഫീസിൽ ജീവനക്കാരുടെ കുറവ് ഉള്ളത് കൊണ്ടും സർവ്വേ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുമായി വാടകക്ക് ആർ.ടി.കെ. മെഷീൻ സൗകര്യം ഉപയോഗപ്പെടുത്തുന്നതിനായി അഡ്വാൻസ് ഇനത്തിൽ തുക അനുവദിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ടൗൺ സർവ്വെയർ ആവശ്യപ്പെട്ടിരുന്നു. നിലവിൽ ടൗൺ സർവ്വെയർ സർവ്വെ സ്കെച്ച് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം കൂടാതെ പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ? | (ബി) | കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ പീപ്പിൾസ് റോഡ് വീതികൂട്ടുന്നതുമായി ബന്ധപ്പെട്ട് 29-02-2024 തീയതിയിൽ ചേർന്ന കോഴിക്കോട് മുനിസിപ്പൽ കോർപറേഷൻ കൗൺസിൽ അക്വിസിഷൻ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചതിന്റെ ഭാഗമായി ജില്ലാ കലക്ടർ മുമ്പാകെ ഫോറം 2 ൽ സമർപ്പിക്കുകയും, പെഗ് മാർക്ക് ചെയ്ത അലൈൻമെന്റ് സ്കെച്ച്, അടങ്കൽ സ്കെച്ച്, എന്നിവ ഹാജരാക്കുന്നതിന് ജില്ലാ കളക്ടർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | ടൗൺ സർവയറോട് ആവശ്യപ്പെടുകയും ചെയ്തു. ടൗൺ സർവയർ നിർദ്ദേശിച്ച പ്രകാരം ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയും, കൂടുതൽ റവന്യൂ രേഖകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br><br>സർവ്വേ ഓഫീസിൽ ജീവനക്കാരുടെ കുറവ് ഉള്ളത് കൊണ്ടും സർവ്വേ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുമായി വാടകക്ക് ആർ.ടി.കെ. മെഷീൻ സൗകര്യം ഉപയോഗപ്പെടുത്തുന്നതിനായി അഡ്വാൻസ് ഇനത്തിൽ തുക അനുവദിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ടൗൺ സർവ്വെയർ ആവശ്യപ്പെട്ടിരുന്നു. നിലവിൽ ടൗൺ സർവ്വെയർ സർവ്വെ സ്കെച്ച് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ